രാജേന്ദ്രബാബു കമ്മീഷൻ റിപ്പോർട്ടിൽ മുകളിലത്തെ നിലയിൽ പ്രവർത്തിക്കുന്ന ലൈബ്രറി ഹാൾ, ലക്ചർ ഹാൾ എന്നിവ താഴത്തെ നിലയിലേക്ക് മാറ്റണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പി. എച്ച്. ക്യു.-വിനുവേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന പി. എച്ച്. ക്യു.-വിന്റെ റിക്കോർഡ് വിഭാഗം മാറ്റി കമ്മീഷൻ നിർദ്ദേശപ്രകാരം ലൈബ്രറി ഹാൾ, ലക്ചർ ഹാൾ എന്നിവ താഴത്തെ നിലയിൽ പ്രവർത്തിപ്പിക്കുന്നതാണ്.

## ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസുകളും

10 [5153] ശ്രീ.മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധിക തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന്റെ ഭാഗമായി എത്ര ഐ.എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഐ.എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥരുടെ ശമ്പളം, റ്റി. എ., ഡി. എ., മറ്റ് അലവൻസുകൾ എന്നിവയിൽ സർക്കാർ ദുർവ്യയം ഒഴിവാക്കലിന്റെ ഭാഗമായി എന്തു തുക വെട്ടിക്കുറച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തുള്ള ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥർ ഓരോരുത്തരും 2003 വർഷത്തിൽ ഓരോ മാസവും വാങ്ങിയ ശമ്പളം, മറ്റ് അലവൻസുകൾ, യാത്രകൾ സംബന്ധിച്ച ഖജനാവിൽ നിന്നും അവർ ചുമതല വഹിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽനിന്നും വാങ്ങിയ തുക ഉൾപ്പെടെയുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഐ. എ. എസ്.-ൽ ചീഫ് സെക്രട്ടറി ഗ്രേഡിൽ 2 എക്സ് കേഡർ തസ്തികകളും, ഐ. പി. എസ്.-ൽ ഡി. ജി. പി. ഗ്രേഡിൽ രണ്ട് എക്സ് കേഡർ തസ്തികകളും ഐ. എഫ്. എസ്.-ൽ പി. സി. സി. എഫ്. ഗ്രേഡിൽ ഒരു എക്സ് കേഡർ തസ്തികയും അഡീഷണൽ പി. സി. സി. എഫിന്റെ ഒരു എക്സ് കേഡർ തസ്തികയും വെട്ടിക്കുറച്ചിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

## ഭരണപരിഷ്കാര കമ്മിറ്റിയുടെ റിപ്പോർട്ട്

11 [5154] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിൽ നിയമിച്ച ഭരണ പരിഷ്കാര കമ്മിറ്റിയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly